പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIII

## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2014-15)**

**FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2014-15)**

2014......................................-ാം തീയതി സമർപ്പിച്ചത്

(Presented on ...................................2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIII
# (SUBJECT COMMITTEE XIII)

സാമൂഹ്യസേവനം

(SOCIAL SERVICES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്

(2014-15)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS

(2014-15)

526/2014.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി XIII

## (സാമൂഹ്യസേവനം)

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്

,, ചിറ്റയം ഗോപകുമാർ

,, കെ. എൻ. എ. ഖാദർ

,, മോൻസ് ജോസഫ്

,, പുരുഷൻ കടലുണ്ടി

,, കെ. രാധാകൃഷ്ണൻ

,, ആർ. രാജേഷ്

ശ്രീമതി കെ. എസ്. സലീഖ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

,, എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

# അവതാരിക

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 18, 24 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXV —പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2014 മാർച്ച് മാസം 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. എം. കെ. മുനീർ,<br>*ചെയർമാൻ,*<br>*വിഷയനിർണ്ണയ സമിതി XIII.*

തിരുവനന്തപുരം,<br>2014 മാർച്ച് 12.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് : 2443,35,24,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

## പട്ടികജാതി വികസന വകുപ്പ്

2225-01-277-98—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ബഡ്ജറ്റ് വിഹിതം : 145,00,00,000 രൂപ (പ്ലാൻ)

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾക്കായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചാർജ്, പോക്കറ്റ് മണി മുതലായവ നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-80-800-96—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 1,15,98,000 രൂപ (നോൺ-പ്ലാൻ)

2. 2014-15 സാമ്പത്തിക വർഷം കമ്മീഷൻ നടത്താനുദ്ദേശിക്കുന്ന ഗവേഷണ പഠനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ജില്ലാ താലൂക്കുതല പരാതി പരിഹാര അദാലത്തുകൾ, മനുഷ്യാവകാശക്കമ്മീഷൻ, വനിതാ കമ്മീഷൻ, കില എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ, റഫറൻസ് പുസ്തകങ്ങൾ, കമ്മീഷൻ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി 50,39,000 രൂപയും കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഇനത്തിൽ 53,63,000 രൂപയും ഉൾപ്പെടെ 1,04,02,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-277-94—ഗിരിവർഗ്ഗഹോസ്റ്റൽ

ബഡ്ജറ്റ് വിഹിതം : 24,14,36,000 രൂപ (നോൺ-പ്ലാൻ)

3. പട്ടികവർഗ്ഗവികസന വകുപ്പിലെ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന മെസ് ചാർജ് 50% വർദ്ധിപ്പിച്ചതിനാലും 2014-15 സാമ്പത്തിക വർഷത്തിൽ അട്ടപ്പാടിയിലും ഇടുക്കിയിലും പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനാൽ ഹോസ്റ്റൽ നടത്തിപ്പിന്റെ ചെലവ് കഴിഞ്ഞ വർഷത്തെക്കാൾ അധികരിക്കുമെന്നതിനാലും ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-89—നഴ്സറി സ്കൂൾ

ബഡ്ജറ്റ് വിഹിതം : 85,48,000 രൂപ (നോൺ-പ്ലാൻ)

4. പട്ടികവർഗ്ഗവികസന വകുപ്പിനുകീഴിൽ 15 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ച് വരുന്നു. ഈ നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെ ങ്കിലും നഴ്സറി സ്കൂൾ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെലവും പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്. 2012-13-ൽ പി.എസ്.സി.വഴി അദ്ധ്യാപക നിയമനം നടക്കാത്തതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച അദ്ധ്യാപകരുടെ ശമ്പളക്കുടിശ്ശിക നൽകുന്നതിനും സാധനങ്ങളുടെ വിലക്കയറ്റംമൂലമുണ്ടാകുന്ന അധികചെലവ് വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 4,64,00,000 രൂപ (പ്ലാൻ)

5. പട്ടികവർഗ്ഗവികസന വകുപ്പിനുകീഴിലുള്ള 110 പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അട്ടപ്പാടി ഹോസ്റ്റലിന്റെ നവീകരണം നടത്തണമെന്ന കേന്ദ്ര ഗവൺമെന്റ്/പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-49—ആശ്രാമം സ്കൂളുകൾ/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെനടത്തിപ്പ്

ബഡ്ജറ്റ് വിഹിതം : 36,01,00,000 രൂപ (പ്ലാൻ)

6. പട്ടികവർഗ്ഗവികസ വകുപ്പിനുകീഴിലുള്ള 15 മോഡൽ റസിഡൻഷ്യൽ/ആശ്രാമം സ്കൂളുകൾ, 2 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഒരു പ്രത്യേക സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ ആറളം, 2012-13-ൽ പ്രഖ്യാപിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ എന്നിവിടങ്ങളിൽ 2014-15 വർഷം പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും ടി സ്കൂളുകളുടെ നടത്തിപ്പിനും കൂടാതെ മോഡൽ റസിഡൻഷ്യൽ/ആശ്രാമം സ്കൂളുകളിൽ ഭക്ഷണച്ചെലവ് ഒഴികെ യൂണിഫോം ഉൾപ്പെടെ മറ്റ് അലവൻസുകളുടെ നിരക്ക് വർദ്ധനവുമൂലമുള്ള അധിക ചെലവുകൾക്കും കേന്ദ്ര സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുള്ള 10 പുതിയ ആശ്രാമം സ്കൂളുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-40-(01)—അതിസമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 36,00,000 രൂപ (പ്ലാൻ)

7. ഓരോ ജില്ലയിലും എസ്. എസ്. എൽ. സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി മുതലായ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ആകെ 55 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 19 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-40-(02)—അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ്

ബഡ്ജറ്റ് വിഹിതം : 30,00,000 രൂപ (പ്ലാൻ)

8. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 4-ഉം 7-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പുസ്തകം, ഹോസ്റ്റൽ ചെലവുകൾ, പ്രത്യേക ട്യൂഷൻ, ആരോഗ്യ പരിപാലനം മുതലായവ നല്കുന്നതിനായി ആകെ 45 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-40-(04)—അനാഥർക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 11,00,000 രൂപ (പ്ലാൻ)

9. മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കുന്നതിനും വിദ്യാഭ്യാസത്തിനും ആവശ്യമായ ധനസഹായം നൽകുന്ന ഈ പദ്ധതിക്കായി 42 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആകയാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 31 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-40-(06)—വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം

ബഡ്ജറ്റ് വിഹിതം : 84,00,000 രൂപ (പ്ലാൻ)

10. അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ എം.ബി.എ., എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ്, എം.സി.എ., എം.ബി.ബി.എസ്., ബി.ഡി.എസ്., എം.ടെക്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി 2014–15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-282-89—ജനനി-ജന്മരക്ഷ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

11. സംസ്ഥാനത്തെ പട്ടികവർഗ്ഗ അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ക്കുറവ് പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിപ്രകാരം പട്ടികവർഗ്ഗ യുവതി ഗർഭിണി ആയതിനുശേഷമുള്ള മൂന്നു മാസം മുതൽ 18 മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെ 1,000 രൂപവീതം ഓരോ മാസവും ധനസഹായം നൽകിവരുന്നു. ജനനം മുതൽ 6 മാസം പ്രായമാകുന്നതുവരെ കുഞ്ഞിനും സഹായം നൽകുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ നിലവിലുള്ള 100 ലക്ഷത്തിനുപുറമെ 800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-68—അതിക്രമങ്ങൾ തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 10,00,000 രൂപ (പ്ലാൻ)

12. പട്ടികവർഗ്ഗക്കാർക്ക് എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമ ങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക, ഇവർക്ക് സൗജന്യ നിയമസഹായം നൽകുക, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുക തുടങ്ങിയ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിരി ക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

2225-02-800-90—മിശ്രവിവാഹധനസഹായം

ബഡ്ജറ്റ് വിഹിതം : 8,00,000 രൂപ

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന ഈ പദ്ധതിയിലേക്ക് ധാരാളം അപേക്ഷകൾ ലഭിച്ച സാഹചര്യത്തിലും മുൻവർഷത്തിൽ ലഭിച്ച അപേക്ഷയിന്മേൽ ധനസഹായം നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. കൂടാതെ ഈ പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം തുക വകയിരുത്തിയിട്ടില്ലായെങ്കിൽ പ്രസ്തുത പദ്ധതിക്കായി മതിയായ തുക വകയിരുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണെന്നും മിശ്രവിവാഹിതർക്ക് നൽകിവരുന്ന ധനസഹായത്തുക വർദ്ധിപ്പിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

2225-02-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം
2225-02-800-89—ബാലവാടികളും ക്രഷുകളും

ബഡ്ജറ്റ് വിഹിതം : 15,00,000 രൂപ

15. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ബാലവാടികളിലെയും ക്രഷുകളിലെയും അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-02-800-92(01)—പട്ടികവർഗ്ഗക്കാർക്കുള്ള വിവിധോദ്ദേശ്യ ഹോസ്റ്റൽ മരാമത്തുകൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

16. പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിൽ/വിദ്യാഭ്യാസം/പരിശീലനം എന്നിവയ്ക്കായി ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടിവരുമ്പോൾ അവരുടെ കുട്ടികളോടുകൂടി താമസിക്കുന്ന തിനായി എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലും കൊച്ചിയിലും ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലും കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടുകൂടി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്ന മൾട്ടിപർപ്പസ് ഹോസ്റ്റൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച താഴെപ്പറയുന്ന പുതിയ പദ്ധതികളിൽ ശീർഷകം നൽകിയിട്ടില്ലാത്തവയ്ക്ക് ശീർഷകവും ഓരോന്നിനും തുകയും വകയിരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. പട്ടികജാതി വിഭാഗക്കാർക്ക് നൽകിവരുന്ന 50,000 രൂപവരെയുള്ള വായ്പകൾക്കുള്ള കടാശ്വാസപദ്ധതി പട്ടികവർഗ്ഗക്കാർക്കുകൂടി ബാധകമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2008-ലെ സർവ്വേപ്രകാരം സംസ്ഥാനത്തെ 22000 പട്ടികവർഗ്ഗക്കാർ വിവിധ ബാങ്കുകളിൽനിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിൽ വീട് വയ്ക്കുന്നതിനും തോട്ടം തുടങ്ങുന്നതിനും മറ്റുമായി എടുത്തിട്ടുള്ളതും കുടുംബശ്രീയിൽനിന്നും എടുത്തിട്ടുള്ളതുമായ 31-1-2010-ൽ കാലാവധി കഴിഞ്ഞ വായ്പയുടെ മുതലും പലിശയും എഴുതിത്തള്ളുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വായ്പാക്കുടിശ്ശിക വരുത്തിയിട്ടുള്ളവരെ കണ്ടെത്തുന്നതിന് വകുപ്പുതല സർവ്വേ നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപയ്ക്കു പുറമേ 2 കോടി രൂപകൂടി പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഈ വിഭാഗത്തിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്നതിന് 2 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ ആദിവാസി പാരമ്പര്യ വൈദ്യപഠനകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽകൂടി ഇത്തരത്തിൽ ഒരു പാരമ്പര്യ വൈദ്യപഠനകേന്ദ്രം സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടി പഠനകേന്ദ്രങ്ങളുടെ ദൈനംദിന ചെലവുകൾക്കായി 10 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പിന്നോക്കസമുദായ വികസന വകുപ്പ്

2225-03-190-98—കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 12,89,00,000 രൂപ (പ്ലാൻ)

20. ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ പിന്നോക്കവിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കോർപ്പറേഷൻ മറ്റു പിന്നോക്ക വിഭാഗ ക്ഷേമത്തിനുതകുന്ന വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്നും ലഭിക്കുന്ന 70 കോടി രൂപയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റായ 7 കോടി രൂപയും തനതുഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് 8 കോടി രൂപ ഓഹരി മൂലധനവും ഉൾപ്പെടെ 15 കോടി രൂപ ഈ സാമ്പത്തിക വർഷം ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 2.11 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-190-97—പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

21. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടെയും മറ്റ് ശുപാർശിത വിഭാഗക്കാരുടെയും സാമ്പത്തിക പുരോഗതിക്കുതകുന്നതരത്തിൽ കൃഷിഭൂമി വാങ്ങുന്നതിനുള്ള ധനസഹായം, ഭവനനിർമ്മാണ പദ്ധതി, വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം, വിവാഹത്തിനുള്ള വായ്പാപദ്ധതി തുടങ്ങി കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മുഖേന ആനുകൂല്യത്തിന് അപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 6 കോടി രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മേൽപ്പറഞ്ഞ വിവിധ പദ്ധതികൾക്കായി ആകെ 12 കോടി രൂപ ആവശ്യമായിവരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയ്ക്കുപുറമെ 6 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-277-99—മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ

ബഡ്ജറ്റ് വിഹിതം : 80,00,000 രൂപ (നോൺ-പ്ലാൻ)

22. മറ്റ് പിന്നോക്കവിഭാഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സഹായം നൽകുന്നതിനും ഈ വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന 12 ജാതികളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന രീതിയിലുള്ള ധനസഹായം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ വൻതോതിൽ ആരംഭിക്കുകയും ഈ സ്ഥാപനങ്ങളിൽ മെരിറ്റിലും റിസർവേഷനിലും നിരവധി ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പൂർണ്ണതോതിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-800-99—പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ ധനസഹായം

ബഡ്ജറ്റ് വിഹിതം : 1,49,79,000 രൂപ (നോൺ-പ്ലാൻ)

23. 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ ആക്ട് 11) പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മീഷനായ പിന്നോക്കവിഭാഗ കമ്മീഷനിൽ വെബ് പോർട്ടൽ ആരംഭിക്കുന്നതിനും കമ്മീഷൻ അംഗത്തിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 73.14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുശുപാർശ

24. 2013-14 സാമ്പത്തിക വർഷംമുതൽ പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പിൽനിന്നും വേർപെടുത്തി പിന്നോക്കസമുദായ വികസന വകുപ്പ് പ്രവർത്തിച്ചു വരുന്നു. 2013-14 വർഷം സംസ്ഥാന ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 193.5 കോടി രൂപയും നോൺ-പ്ലാൻ ഇനത്തിൽ 84.92 കോടി രൂപയും പിന്നോക്കസമുദായ വികസന വകുപ്പിനായി വകയിരുത്തിയിരുന്നു. വകുപ്പിന്റെ വർദ്ധിച്ചുവരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിന് ഡയറക്ടറെക്കൂടാതെ വകുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി നിയമിച്ച ഒരു സൂപ്രണ്ടിന്റെയും മൂന്ന് ക്ലാർക്കുമാരുടെയും സേവനം മാത്രമാണ് ലഭിക്കുന്നത്. മതിയായ ജീവനക്കാരുടെ അഭാവം അനുവദിക്കപ്പെട്ട പുതിയ പദ്ധതി കൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനേയും വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനേയും ദോഷകരമായി ബാധിക്കുന്നതായും തൽഫലമായി വകുപ്പ് രൂപീകരണത്തിന്റെ ലക്ഷ്യംതന്നെ ഇല്ലാതാകുന്നതായും സമിതി വിലയിരുത്തുന്നു. 2013-14 വർഷം കുറഞ്ഞത് 3 മേഖലാ ഓഫീസുകളെങ്കിലും ആരംഭിക്കുന്നതിനായി വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതായും എന്നാൽ അവ സമയബന്ധിതമായി അനുവദിക്കപ്പെടാഞ്ഞതിനാൽ ഒ.ഇ.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യവിതരണം കൃത്യമായി നടത്തുന്നതിനും അധികം ആവശ്യമായിവരുന്ന ഫണ്ട് യഥാസമയം സർക്കാരിൽനിന്നും ലഭ്യമാക്കുന്നതിനും സാധിക്കാതെവന്നതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ട് മേഖലാ ഓഫീസുകളും 10 തസ്തികകളും പിന്നീട് അനുവദിക്കുകയുണ്ടായതായി സമിതി മനസ്സിലാക്കുന്നു.

25. ഈ സാഹചര്യത്തിൽ ഒ.ഇ.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യവിതരണം മുടക്കംകൂടാതെ നടത്തുന്നതിനും പിന്നോക്ക വിഭാഗങ്ങൾക്കായുള്ള സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വിഷയങ്ങളിൽ പ്രസ്തുത ജനവിഭാഗത്തിൽ നിന്നുള്ള അപേക്ഷകൾ, പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും അനുവദിക്കപ്പെട്ട രണ്ട് മേഖലാ ഓഫീസുകൾക്കുപുറമെ മൂന്നാമതായി ഒരു മേഖലാ ഓഫീസും മൂന്ന് മേഖലാ ഓഫീസുകൾക്കും മതിയായ തസ്തികകളും കൂടാതെ, ഡയറക്ടറേറ്റിൽ 16 തസ്തികകളും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 2803,07,63,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2235-02-001-94—സാമൂഹ്യനീതി വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം : ഇല്ല

26. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വൃദ്ധർ, വികലാംഗർ, കുട്ടികൾ, വനിതകൾ എന്നിവരുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള 78 ക്ഷേമസ്ഥാപനങ്ങളുടെ പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങളുടെ പുതുക്കൽ, മറ്റു സൗകര്യങ്ങളുടെ കൂട്ടിചേർക്കൽ അതോടനുബന്ധിച്ചുള്ള ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയും കോഴി വളർത്തൽ, ഹോർട്ടികൾച്ചർ, സെറികൾച്ചർ, കൃഷി എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും അടിയന്തരാവശ്യങ്ങളാണ്. കൂടാതെ, തിരുവനന്തപുരം, കോട്ടയം, വയനാട് എന്നിവിടങ്ങളിലെ വൃദ്ധസദനങ്ങൾ, മാനസിക വെല്ലുവിളി നേരിടുന്നവർക്കായി കോഴിക്കോട്ടുള്ള സ്ഥാപനം, വയനാട്, തൃശ്ശൂർ, തവനൂർ എന്നിവിടങ്ങളിലെ ഒബ്സർവേഷൻ ഹോം, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള തിരുവനന്തപുരത്തെ സ്ഥാപനം, കോഴിക്കോട്, ഇടുക്കി എന്നിവിടങ്ങളിലെ കുട്ടികളുടെ ഭവനം എന്നീ സ്ഥാപനങ്ങളിൽ നടന്നുവരുന്ന പണികളും പൂർത്തീകരിക്കാൻ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ 5,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-101-92—അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 269,51,34,000 രൂപ (നോൺ-പ്ലാൻ)

27. 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 80%-നുമേൽ അംഗവൈകല്യമുള്ളവർക്കുള്ള പെൻഷൻ 1,000 രൂപയിൽനിന്നും 1,100 രൂപയായും മറ്റുള്ളവരുടെ വികലാംഗ പെൻഷൻ 700 രൂപയിൽനിന്നും 800 രൂപയായും വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 2015 മാർച്ച് വരെയുള്ള പെൻഷൻ വിതരണയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 36,83,01,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-101-89—വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 3,00,000 രൂപ (നോൺ-പ്ലാൻ)

28. വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം പ്രതിമാസം 525 രൂപയിൽ നിന്നും 700 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2014-15 വർഷത്തിൽ 1918 പേർക്ക് ധനസഹായം നൽകേണ്ടതിനാലും കൂടാതെ മുൻവർഷത്തിലെ കുടിശ്ശികയായ 9,51,000 രൂപ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1,67,62,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-101-76—മാനസികവൈകല്യമുള്ളവരെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമായുള്ള സ്ഥാപനങ്ങൾ/കെയർ ഹോമുകളുടെ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

29. മാനസികരോഗവുമായി ബന്ധപ്പെട്ടവർക്കുള്ള കെയർ ഹോമുകളുടെ നിലവാരം ഉയർത്തുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 21-11-2012-ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സേവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരത്തിലുള്ള 77 സ്ഥാപനങ്ങളിൽ 5000-ത്തോളം ആളുകളെ സംരക്ഷിച്ചുവരികയും ഫണ്ട് ലഭ്യതയില്ലാതിരുന്നതുകാരണം 2013-14 വർഷത്തിൽ അപേക്ഷിച്ചവർക്ക് സഹായധനം നൽകാൻ കഴിഞ്ഞിട്ടില്ലായെന്നും എന്നാൽ രജിസ്റ്റർ ചെയ്ത എല്ലാ സ്ഥാപനങ്ങൾക്കും ഗ്രാന്റിന് അർഹതയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 50 അന്തേവാസികളുള്ള ഒരു സ്ഥാപനത്തിന് സർക്കാർ വിഹിതമായി 16,52,400 രൂപ ക്രമത്തിൽ നടപ്പു സാമ്പത്തിക വർഷം മുൻഗണനാക്രമമനുസരിച്ച് 20 സ്ഥാപനങ്ങൾക്ക് സഹായധനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 3,30,48,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-101-72—റീജിയണൽ സെന്റർ ഫോർ ഡിസേബിൾഡ് ആന്റ് റിസർച്ച്, കല്ലേറ്റുകര, തൃശ്ശൂർ

ബഡ്ജറ്റ് വിഹിതം : ഇല്ല

30. സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇരിങ്ങാലക്കുടയിലെ കല്ലേറ്റുകരയിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഡിസേബിൾഡ് ആന്റ് റിസർച്ചിന്റെ പ്രവർത്തനങ്ങൾക്കും ദൈനംദിനച്ചെലവുകൾക്കും ജീവനക്കാരുടെ വേതനത്തിനും മറ്റ് വികസന പദ്ധതികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ—ലൈംഗികാതിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്ട്, 2012 (പോക്സോ ആക്റ്റ്, 2012)—നടപ്പിലാക്കൽ

ബഡ്ജറ്റ് വിഹിതം : 1,65,94,000 രൂപ (നോൺ-പ്ലാൻ)

31. 3-6-2013-ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടേയും മറ്റ് ജീവനക്കാരുടേയും ശമ്പളയിനത്തിൽ 1,62,37,992 രൂപയും യാത്രാബത്ത ഇനത്തിൽ 17,50,000 രൂപയും ഓഫീസ് ചെലവിനത്തിൽ 14,00,000 രൂപയും കെട്ടിടവാടകയിനത്തിൽ 7,00,000 രൂപയും മോട്ടോർ വാഹനയിനത്തിൽ 16,00,000 രൂപയും പി. ഒ. എൽ. ഇനത്തിൽ 9,00,000 രൂപയും മറ്റിനത്തിൽ 24,00,000 രൂപയും ആവശ്യമായിവരുന്നുണ്ട്. കമ്മീഷന്റെ തുടർപ്രവർത്തനങ്ങൾക്കായി 1.66 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2,36,40,720 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-99-10—സാമൂഹ്യക്ഷേമബോർഡ് അംശദാനം—സംഭാവന

ബഡ്ജറ്റ് വിഹിതം : 42,50,000 രൂപ (നോൺ-പ്ലാൻ)

32. സാമൂഹ്യക്ഷേമബോർഡിന്റെ കീഴിലുള്ള പദ്ധതിപ്രവർത്തനങ്ങളുടെ വ്യാപ്തി കൂടിയ സാഹചര്യത്തിൽ അത് നടപ്പാക്കുന്നതിനുള്ള സാങ്കേതികവിദ്യ ഉപയുക്തമാക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള ഫർണിച്ചർ വാങ്ങുന്നതിനും കൂടാതെ ദൈനംദിന ചെലവുകൾ കാലാനുസൃതമായി കൂടിവരുന്നതിനാലും അധികമായി തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 54,33,735 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-95-04-1—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ—യാത്രാചെലവുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 16,00,000 രൂപ (നോൺ-പ്ലാൻ)

33. വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും സംസ്ഥാനത്തിനകത്തും പുറത്തുമായി ധാരാളം ഔദ്യോഗിക യാത്രകൾ ചെയ്യേണ്ടിവരുന്നതിനാൽ യാത്രാച്ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 16 ലക്ഷം രൂപ അപര്യാപ്തമാണ്. കൂടാതെ, 2013-14 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-79—നിർഭയ പരിപാടികൾ (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

ബഡ്ജറ്റ് വിഹിതം : ഇല്ല

34. പീഡനത്തിന് വിധേയരായ സ്ത്രീകളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് വിഭാവനം ചെയ്ത ഈ പദ്ധതിയിൽനിന്നാണ് അവർക്ക് തൊഴിലും വരുമാനദായക മാർഗ്ഗങ്ങളും കണ്ടെത്താൻ വേണ്ടിയുള്ള ജീവിത വൈദഗ്ദ്ധ്യ വിദ്യാഭ്യാസം നൽകുന്നതിലേക്കുള്ള ചെലവ് വഹിക്കേണ്ടത്. നിർഭയ സെൽ, ഭരണനിർവ്വഹണം, വിവിധ

തരത്തിലുള്ള പരിശീലനങ്ങൾ, വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകളുടെ പ്രവർത്തനം, ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൽ, പരസ്യപ്രചരണങ്ങൾ, എല്ലാ ജില്ലകളിലേയും നിർഭയ ഷെൽറ്റർ ഹോമുകളുടെ നടത്തിപ്പ്, പീഡിതരുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നിർഭയ പ്രവർത്തനങ്ങൾക്ക് 7 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-98-9—അനാഥശാലകൾ—സഹായധനം

ബഡ്ജറ്റ് വിഹിതം : 13,83,63,000 രൂപ (നോൺ-പ്ലാൻ)

35. അനാഥശാലകളിലെ അന്തേവാസികൾക്കുള്ള സഹായധനം പ്രതിമാസം 525 രൂപയിൽനിന്നും 700 രൂപയായി 1-4-2013 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 30,739 കുട്ടികൾക്കുള്ള ഗ്രാന്റും ഹയർ എഡ്യൂക്കേഷൻ അസിസ്റ്റൻസും മാര്യേജ് അസിസ്റ്റൻസും കൂടാതെ, 2013-14 വർഷത്തെ കുടിശ്ശിക 4,61,96,000 രൂപയും ഈ ശീർഷകത്തിൽനിന്നും വഹിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 19,72,91,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-97—യാചകകേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 10,08,000 രൂപ (നോൺ-പ്ലാൻ)

36. യാചകകേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള സഹായധനം പ്രതിമാസം 525 രൂപയിൽനിന്ന് 700 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 2013-14 സാമ്പത്തിക വർഷത്തിലെ വർദ്ധിപ്പിച്ച തുക കുടിശ്ശികയായി 18,98,000 രൂപയും 2014-15 സാമ്പത്തിക വർഷം അർഹതപ്പെട്ട 490 പേർക്കുള്ള തുകയും ഈ വർഷം നൽകേണ്ടതുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50,06,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 28,53,000 രൂപ (നോൺ-പ്ലാൻ)

37. അനാഥാലയ നിയന്ത്രണ ബോർഡിൽ കരാർ, അന്യത്ര സേവന വ്യവസ്ഥ എന്നിവവഴി നിയമിച്ചിട്ടുള്ള 7 ജീവനക്കാരുടേയും പ്രതിമാസം 10,000 രൂപ നിരക്കിൽ ഹോണറേറിയം നൽകേണ്ടുന്ന 40 കൗൺസിലർമാരുടെയും ബോർഡിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള 15 അംഗങ്ങളുടെ ശമ്പളത്തിന്റെയും മറ്റു ബത്തകളുടേയും ചെലവുകൾക്കായി ശമ്പളയിനത്തിൽ അധികത്തുക ആവശ്യമായി വരുന്നുണ്ട്. കൂടാതെ, കൗൺസിലർമാരുടെ സെന്ററിൽ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും കെയർ ഹോം നടത്തിപ്പുകാരുടെ പരിശീലനത്തിനും ശമ്പളയിതരയിനത്തിൽ അധികത്തുക വകകൊള്ളിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 66,01,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-107-98-9—സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ—സഹായധനം

ബഡ്ജറ്റ് വിഹിതം : 2,26,38,000 രൂപ (നോൺ-പ്ലാൻ)

38. അന്തേവാസികളുടെ സഹായധനം പ്രതിമാസം 525 രൂപയിൽനിന്നും 700 രൂപയായി 1-4-2013 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതിൻപ്രകാരം 9275 പേർക്കുള്ള പ്രസ്തുതയിനത്തിലെ സഹായധനവും 2013-14 വർഷത്തെ 2,28,44,000 രൂപയുടെ കുടിശ്ശികയും ഈ ശീർഷകത്തിൽനിന്ന് കൊടുത്തു തീർക്കാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7,81,16,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-190-99—കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 6,50,00,000 രൂപ (പ്ലാൻ)

39. മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് വായ്പ നൽകുന്നതിലേക്കായി 521 വായ്പാ അപേക്ഷകൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മേഖലാ ഓഫീസുകളിൽ തീർപ്പാക്കുവാനുണ്ട്. മേൽപ്പറഞ്ഞ അപേക്ഷകൾ ഉൾപ്പെടെ 1000-ത്തിലധികം വായ്പാ അപേക്ഷകൾ ലഭിക്കുന്ന സാഹചര്യം കണക്കിലെടുത്ത് 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 2,00,00,000 രൂപകൂടി വകയിരുത്തണമന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

40. വികലാംഗക്ഷേമ കോർപ്പറേഷന്റെ വിവിധ പദ്ധതികളിൽ ഫ്ളാഗ്ഷിപ്പ് പദ്ധതിയായ സഹായ ഉപകരണ വിതരണത്തിനുള്ള തുക മുൻവർഷങ്ങളിലെ ബഡ്ജറ്റിൽ മുടങ്ങാതെ ലഭിച്ചിരുന്നുവെങ്കിലും 2014-15-ലെ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല. എല്ലാ ജില്ലകളിൽനിന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നതിനാൽ ഈ മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് അധികമായി തുക ആവശ്യമായിവരുന്നു. മറ്റു പദ്ധതികൾക്കായി ഇപ്പോൾ ലഭിച്ച തുകയും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2,00,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 25,00,000 രൂപ (നോൺ-പ്ലാൻ)

41. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ഭരണച്ചെലവുകൾക്കുള്ള 100 ലക്ഷം രൂപയും 2014-15 വർഷത്തിൽ 5 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളും സർക്കാരിന് നൽകാനുള്ള 7.25 ലക്ഷം രൂപയുടെ ഗ്യാരന്റി കമ്മീഷൻ കുടിശ്ശികയും

കേരള ഹൗസിംഗ് ബോർഡിലേക്കുള്ള 4.53 ലക്ഷം രൂപയുടെ കുടിശ്ശികയും പുതുതായി ആരംഭിച്ചിട്ടുള്ള കോഴിക്കോട് റീജിയണൽ ഓഫീസിലെ മൂന്ന് തസ്തികകളിലേക്കുള്ള ശമ്പളവും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50,00,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള മൂലധനനിക്ഷേപം

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (പ്ലാൻ)

42. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ പദ്ധതികളായ സ്കോളർഷിപ്പ്, കോച്ചിംഗ് അസിസ്റ്റന്റ്സ്, ടേം ലോൺ, അസിസ്റ്റന്റ്സ് ഫോർ സെൽഫ് എംപ്ലോയ്മെന്റ്, ഓപ്പറേഷണൽ എക്സ്പെൻസസ്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയുടെ പ്രയോജനം കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് ആകെ 23 കോടി രൂപ ആവശ്യമായിവരുന്നു. ആയതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 8,00,00,000 രൂപയും മൂലധന സഹായമായി 5,00,000 രൂപയുംകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-99—അഗതി(വിധവ)കൾക്കുള്ള പെൻഷൻ

ബഡ്ജറ്റ് വിഹിതം : 733,27,38,000 രൂപ (നോൺ-പ്ലാൻ)

43. വിധവകൾക്കുള്ള പ്രതിമാസ പെൻഷൻ 12-7-2013-ലെ സർക്കാർ ഉത്തരവുപ്രകാരം 525 രൂപയിൽനിന്ന് 700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത തുക 800 രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപന മുള്ളതിനാൽ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണത്തിനായി ഈ ശീർഷകത്തിൽ അധികമായി 104,75,34,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-97—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

പദ്ധതി വിഹിതം : 130,00,00,000 രൂപ (പ്ലാൻ)

44. 12-7-2013-ലെ സർക്കാർ ഉത്തരവുപ്രകാരം 80 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 900 രൂപയിൽനിന്ന് 1,100 രൂപയായും മറ്റുള്ളവർക്ക് 400 രൂപയിൽനിന്ന് 500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതും 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ ഇത് യഥാക്രമം 1,200 രൂപ, 600 രൂപ എന്നീ നിരക്കിൽ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. മേൽ പ്രഖ്യാപിച്ച പെൻഷൻ വിതരണത്തിന് മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 47,88,65,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-96—സാമൂഹ്യസുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

ബഡ്ജറ്റ് വിഹിതം : 50,53,62,000 രൂപ (നോൺ-പ്ലാൻ)

45. 2014-15-ലെ ബഡ്ജറ്റിൽ മറ്റു സാമൂഹ്യസുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തുക 700 രൂപയിൽനിന്ന് 800 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപനമുള്ളതിനാൽ കുടിശ്ശികയില്ലാതെ പെൻഷൻ വിതരണത്തിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 7,21,95,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-79—1995-ലെ അവശ വിഭാഗ ആക്ടിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ

ബഡ്ജറ്റ് വിഹിതം : 60,20,000 രൂപ (നോൺ-പ്ലാൻ)

46. അംഗവൈകല്യം സംഭവിച്ചവരുടെ അവസര സമത്വത്തിനും പൂർണ്ണ പങ്കാളിത്തത്തിനുമായി ജില്ലാ-താലൂക്ക് തലത്തിൽ അദാലത്തുകൾ നടത്താനും വികലാംഗർക്കുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് സർട്ടിഫൈ ചെയ്യാനും മറ്റ് ബോധവൽക്കരണ പരിപാടികൾക്കും സെമിനാറുകൾക്കും ജീവനക്കാർ നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത/ദിനബത്ത ഇനത്തിൽ 8 ലക്ഷം രൂപ ആവശ്യമായി വരുന്നു. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം നൽകുന്നതിനായി 10 ലക്ഷം രൂപയും കമ്മീഷണറേറ്റിലെ രണ്ട് കാറുകൾക്കായി POL ചാർജിനത്തിൽ 3 ലക്ഷം രൂപയും ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യയിനത്തിൽ 15 ലക്ഷം രൂപയുടെ കുടിശ്ശികയും അനുവദിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 36,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-72(02)—തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽതന്നെ കഴിയേണ്ടിവരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ബഡ്ജറ്റ് വിഹിതം : 23,00,00,000 രൂപ (പ്ലാൻ)

47. സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി നടപ്പാക്കുന്ന ആശ്വാസകിരണം പദ്ധതിയിൽ ധാരാളം സ്കീമുകളും ഡിമാന്റുകളുമുള്ളതിനാൽ നിലവിൽ ലഭിച്ച 23 കോടി രൂപ അപര്യാപ്തമാണ്. 60000-ൽ അധികം ഗുണഭോക്താക്കളുള്ള പ്രസ്തുത പദ്ധതിക്ക് 37.8 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. എന്നാൽ ബഡ്ജറ്റിൽ 23 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 14,80,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

48. കൂടാതെ ഈ ബഡ്ജറ്റ് ശീർഷകം "തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽതന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)" എന്ന് പുനർനാമകരണം ചെയ്യുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-72(03)—അവിവാഹിതരായ അമ്മമാരുടേയും അവരുടെ കുട്ടികളുടേയും പുനരധിവാസം (സ്നേഹസ്പർശം)

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

49. സ്നേഹസ്പർശം പദ്ധതിപ്രകാരം 1800 അപേക്ഷകർക്കുകൂടി ധനസഹായം അനുവദിച്ചിട്ടുള്ളതിനാൽ നിലവിൽ ലഭ്യമായ തുക അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 66,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-72(08)—വിശപ്പുമുക്ത നഗരം

ബഡ്ജറ്റ് വിഹിതം : 1,80,00,000 രൂപ (പ്ലാൻ)

50. കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കിവന്ന വിശപ്പുമുക്ത നഗരം പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽകൂടി വ്യാപിപ്പിച്ചതിനാൽ ലഭ്യമായ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1,16,56,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-72(11)—സ്നേഹപൂർവ്വം

ബഡ്ജറ്റ് വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

51. അനാഥരായ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്യുന്ന പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 17,85,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-72(13)—ബി. പി. എൽ. വിഭാഗത്തിലുള്ള ഡയാലിസിസ് ഡിപ്പൻഡന്റ് റീനൽ പേഷ്യന്റ്സിന് പെൻഷൻ

ബഡ്ജറ്റ് വിഹിതം : ഇല്ല

52. വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, 2014-15 സാമ്പത്തിക വർഷം 2000-ത്തോളം അപേക്ഷകർകൂടി ഉണ്ടാകുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതിപ്രകാരം ഒരു രോഗിക്ക് പ്രതിമാസം 1,000 രൂപയാണ് നൽകിവരുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 7,80,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുശുപാർശ

53. സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ അംഗനവാടികളിൽ സ്വന്തമായി കെട്ടിടം, കുടിവെള്ളം, പാചകപ്പുര, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, വൈദ്യുതി എന്നിവയുടെ അഭാവം കൊണ്ട് ശോചനീയമായ സ്ഥിതി നിലനിൽക്കുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. വൈദ്യുതീകരണത്തിനുള്ള തുക, വൈദ്യുത ചാർജ്, വെള്ളക്കരം എന്നിവയെല്ലാം നോൺ റോഡ് മെയിന്റനൻസ് ഫണ്ടായി പഞ്ചായത്തിന് നൽകുന്നുണ്ടെങ്കിലും ആയത് പ്രയോജനപ്പെടുത്തുന്നതിൽ പഞ്ചായത്ത് അലംഭാവം കാട്ടുന്നുവെന്നും പല പഞ്ചായത്തുകളിലും കേന്ദ്ര സർക്കാരിന്റെ ഫണ്ടുപോലും ചെലവഴിക്കപ്പെടാതെ പോകുന്ന സ്ഥിതിയാണ് കണ്ടുവരുന്നതെന്നും നിരീക്ഷിച്ച സമിതി ഇത്തരത്തിൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താതെ ഫണ്ട് ലാപ്സാക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണെന്ന് വിലയിരുത്തുന്നു. ആയതിനാൽ പഞ്ചായത്തിന്റെ നോൺ റോഡ് മെയിന്റനൻസ് ഫണ്ടും എം. എൽ. എ.മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടും കൂട്ടിച്ചേർത്ത് പത്തോ പതിനഞ്ചോ അംഗനവാടികൾ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററാക്കി കെട്ടിട നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയവയടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതികൾ വിഭാവന ചെയ്ത് പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ആഭ്യന്തര വകുപ്പ്

2235-02-106-98—ദുർഗുണപരിഹാര പാഠശാല

ബഡ്ജറ്റ് വിഹിതം : 1,32,84,000 രൂപ (നോൺ-പ്ലാൻ)

54. തടവുകാരുടെ ആഹാരം, മരുന്ന്, ചികിത്സ എന്നീയിനത്തിലുള്ള ചെലവ് ദൈനംദിന ഉപഭോഗവസ്തുക്കളുടെയും ഇന്ധനത്തിന്റേയും വില വർദ്ധനവുമൂലം അധികരിക്കുന്നുവെന്നുള്ളതും തടവുകാരുടെ എണ്ണത്തിലും താരതമ്യേന വർദ്ധനവ് ഉണ്ടാകുന്നുവെന്നതും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാതാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17,50,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുഭരണ വകുപ്പ്

2235-60-107-97—സ്വാതന്ത്ര്യ സമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സാമ്പത്തിക സഹായ പദ്ധതി

ബഡ്ജറ്റ് വിഹിതം : 5,50,000 രൂപ (നോൺ-പ്ലാൻ)

55. സ്വാതന്ത്ര്യ സമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം 3,000 രൂപയിൽനിന്നും 5,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-89—അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

ബഡ്ജറ്റ് വിഹിതം : 50,000 രൂപ (നോൺ-പ്ലാൻ)

56. ഈയിനത്തിലെ ധനസഹായം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ മുൻകാലങ്ങളിലുള്ള കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 1,44,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. പ്രസ്തുത ശീർഷകത്തിന്റെ പേര് "സേവനത്തിലിരിക്കെ മരണമടഞ്ഞ മന്ത്രിമാരുടെ ആശ്രിതർക്കുള്ള ധനസഹായം" എന്ന് തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ 2014-15-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ പ്രസ്തുത മാറ്റം ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽകൂടി പ്രസ്തുത മാറ്റം രേഖപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഡോ. എം. കെ മുനീർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XIII.*

തിരുവനന്തപുരം,
2014 മാർച്ച് 12.